സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്
എറണാകുളം

2024
JUNE
29



18-ാമത്

# ദേശീയ സ്റ്റാറ്റിസ്റ്റിക്സ് ദിനം

**ജീവനക്കാരുടെ കൂട്ടയോട്ടം**

10.00 AM സിവിൽ സ്റ്റേഷന് ചുറ്റും

ഫ്ളാഗ് ഓഫ്

**ശ്രീ. N.S.K. ഉമേഷ് IAS**
ബഹു. ജില്ലാ കളക്ടർ , എറണാകുളം

ദീപശിഖ കൈമാറ്റം

**ശ്രീ. ബോബി ചെമ്മണ്ണൂർ**
സംരംഭകൻ, സാമൂഹ്യ പ്രവർത്തകൻ

**പൊതു സമ്മേളനം**

11 AM D.P.C ഹാൾ

ഉദ്ഘാടനം

**ശ്രീ. ഡോ. പി.ജി. ശങ്കരൻ**
വൈസ് ചാൻസലർ, CUSAT

മുഖ്യപ്രഭാഷണം

**ശ്രീ. ജോസഫ് സി.എഫ് ISS**
അഡ്വൈസർ, മിനിസ്ട്രി ഓഫ് അഗ്രിക്കൾച്ചർ & ഫാർമേഴ്സ് വെൽഫെയർ







**സെമിനാർ • റിപ്പോർട്ട് പ്രകാശനം • ഓൺലൈൻ ക്വിസ്**

മാന്യരേ, ,

പ്രശസ്ത ഇന്ത്യൻ ശാസ്ത്രജ്ഞനായ പ്രശാന്ത ചന്ദ്ര മഹലനോബിസ് രാജ്യപുരോഗതിയ്ക്കായി നൽകിയ സംഭാവനകൾ പരിഗണിച്ച് എല്ലാ വർഷവും അദ്ദേഹത്തിന്റെ ജൻമദിനമായ ജൂൺ 29 ദേശീയ സ്റ്റാറ്റിസ്റ്റിക്സ് ദിനമായി ആചരിക്കുന്നു. തീരുമാനങ്ങൾ കൈക്കൊള്ളുന്നതിൽ ഡാറ്റയുടെ പങ്ക് (Use of Data for Decision Making) എന്നതാണ് ഈ വർഷത്തെ സ്റ്റാറ്റിസ്റ്റിക്സ് ദിന വിഷയം. ഒരു വ്യക്തിയുടെ ദൈനംദിന വരവുചെലവുകൾ മുതൽ അന്താരാഷ്ട്ര സാമ്പത്തിക സ്ഥിതിഗതികൾ വരെ നിശ്ച യിക്കുന്നതിനും വിലയിരുത്തുന്നതിനും സ്റ്റാറ്റിസ്റ്റിക്സിന്റെ പങ്ക് വിലമതിക്കാനാവാത്തതാണ്. ആധുനിക കാലഘട്ടത്തിൽ വിവിധ മേഖലകളിൽ സ്റ്റാറ്റിസ്റ്റിക്സിന് വളരെയേറെ സാധ്യതകളാണുള്ളത്. സ്റ്റാറ്റിസ്റ്റി-ക്സിലെ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ലാഭനഷ്ട സാധ്യതകൾ,ഉപഭോക്താക്കളുടെ ആവശ്യങ്ങൾ എന്നിവ മനസ്സിലാക്കുവാനും ശരിയായ തീരുമാനം എടുക്കുവാനും സാധിക്കുന്നു. നാഷണൽ സാമ്പിൾ സർവ്വെ ഓർഗനൈസേഷന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന സർവ്വെകളിലൂടെ സാമൂ ഹിക സാമ്പത്തിക വിവരശേഖരണം സാധ്യമാകുന്നു. രാജ്യത്തെ ജനങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കു ന്നതിലൂടെ വ്യത്യസ്ത ജനവിഭാഗങ്ങളുടെ വിവിധ ആവശ്യങ്ങൾ മനസ്സിലാക്കുവാൻ കഴിയുന്നു. നിർമ്മിത ബുദ്ധിയുടെ (AI) വിവിധ ഘടകങ്ങളിൽ സ്റ്റാറ്റിസ്റ്റിക്സിന് നിർണ്ണായക പങ്കുണ്ട്. കൂടാതെ മെഷീൻ ലേണിംഗിൽ ഡാറ്റാശേഖരണം, ഡാറ്റാ പ്രോസസിംഗ്, മോഡലുകളുടെ നിർമ്മാണം, വാലിഡേഷൻ, ക്ലസ്റ്ററിം ഗ് തുടങ്ങിയവയുടെ അടിസ്ഥാനം തന്നെ സ്റ്റാറ്റിസ്റ്റിക്സാണ്. വ്യാവസായിക – ബിസിനസ് മേഖലകളിൽ ബിഗ് ഡാറ്റായുടെ പ്രയോഗവും വികസനവും സാംഖ്യ ശാസ്ത്ര സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിലാണ്.

സ്റ്റാറ്റിസ്റ്റിക്സ് ദിനാചരണത്തിന്റെ ഭാഗമായി സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് എറണാകുളം ജില്ലാ ഓഫീസിന്റെ നേതൃത്വത്തിൽ സെമിനാറുകൾ, ചർച്ചകൾ, പ്രഭാഷണങ്ങൾ, ക്വിസ് ഡിബേറ്റ് മത്സരങ്ങ? ഉൾപ്പെടെയുള്ള വിപുലമായ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. പൊതുജനങ്ങളിൽ സ്റ്റാറ്റിസ്റ്റിക്സ് ദിനത്തിന്റെ പ്രാധാന്യവും സന്ദേശവും അറിയിക്കുന്നതിന്റെ ഭാഗമായി ജൂൺ 29 ന് രാവിലെ 9.30 മണിയ്ക്ക് വകുപ്പിലെ ഉദ്യോഗസ്ഥരെയും വിദ്യാർത്ഥികളെയും പങ്കെടുപ്പിച്ചു കൊണ്ട് ജില്ലാ കളക്ടറേറ്റിന് ചുറ്റും നടത്തുന്ന കൂട്ടയോട്ടത്തിന്റെ ഫ്ളാഗ് ഓഫ് കർമ്മം ബഹു.ജില്ലാ കളക്ടർ ശ്രീ.എൻ.എസ്.കെ.ഉമേഷ് IAS നിർവ്വഹിക്കുന്നു. പ്രശസ്ത സംരംഭകനും സാമൂഹ്യ പ്രവർത്തകനും ആയ ശ്രീ. ബോബി ചെമ്മണ്ണൂർ കൂട്ടയോട്ടത്തിന്റെ ദീപശിഖ കൈമാറുകയും ചെയ്യുന്നു. തുടർന്ന് ജില്ലാ പ്ലാനിംഗ് കോൺഫറൻസ് ഹാളിൽ നടക്കുന്ന പൊതു സമ്മേളനത്തിന്റെ ഉദ്ഘാടനം കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ. ഡോ.പി.ജി.ശങ്കരൻ നിർവ്വഹിക്കുന്നു. മിനിസ്ട്രി ഓഫ് അഗ്രിക്കൾച്ചർ ആന്റ് ഫാർമേഴ്സ് വെൽഫെയർ അഡ്വൈസർ ശ്രീ. ജോസഫ്. സി.എഫ് ISS മുഖ്യ പ്രഭാഷണം നടത്തുന്നു. ബഹു. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർ ശ്രീ. ശ്രീകുമാർ ബി. മുഖ്യസന്ദേശം നൽകുകയും ചെയ്യുന്നു. തദവസരത്തിലും തുടർന്ന് നടക്കുന്ന മറ്റു ആഘോഷ പരിപാടികളിലും താങ്കളുടെ മഹനീയ സാന്നിധ്യം ക്ഷണിച്ചു കൊള്ളുന്നു. .

കാക്കനാട്
26/06/2024

ഷോജൻ.എ.പി,
ഡെപ്യൂട്ടി ഡയറക്ടർ
സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്,
എറണാകുളം

## ദേശീയ സ്റ്റാറ്റിസ്റ്റിക്സ് ദിനം 2024 ജൂൺ 29 ശനി

# കാര്യപരിപാടി

## സ്റ്റാറ്റ് ജീവനക്കാരുടെ കൂട്ടയോട്ടം

10 AM ഫ്ളാഗ് ഓഫ് : **ശ്രീ. എൻ.എസ്.കെ ഉമേഷ് IAS**
ബഹു. ജില്ലാ കളക്ടർ

ദീപശിഖാ കൈമാറ്റം : **ശ്രീ. ബോബി ചെമ്മണ്ണൂർ**
മികച്ച സംരംഭകൻ, സാമൂഹ്യ പ്രവർത്തകൻ

## 11 AM ന് പൊതു സമ്മേളനം

ഈശ്വരപ്രാർത്ഥന : **ശ്രീ. കൃഷ്ണൻ എം.കെ**

സ്റ്റാറ്റിസ്റ്റിക്സ്ദിന പ്രതിജ്ഞ : **ശ്രീ. പി.ജി. സാബു,** അഡീഷണൽ ജില്ലാ ഓഫീസർ

സ്വാഗതം : **ശ്രീ. കെ.എം. ജമാൽ,** ജില്ലാ ഓഫീസർ I/C

അധ്യക്ഷൻ : **ശ്രീ. ഷോജൻ എ.പി,** ഡെപ്യൂട്ടി ഡയറക്ടർ

ഉദ്ഘാടനം : **പ്രൊഫ. ഡോ. പി.ജി. ശങ്കരൻ**
വൈസ് ചാൻസലർ, കൊച്ചി ശാസ്ത്ര സാങ്കേതിക
സർവ്വകലാശാല

മുഖ്യ പ്രഭാഷണം : **ശ്രീ. ജോസഫ് സി.എഫ്. ISS**
Advisor, Horticulture Statistics,Ministry of
Agricultural & Farmers Welfare,Govt. of India

മുഖ്യ സന്ദേശം (ഓൺലൈൻ) : **ശ്രീ. ശ്രീകുമാർ ബി.**
ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്

സെമിനാർ

വിഷയം : Use of Data for Decision Making

അവതരണം : **ശ്രീ. വിശ്വനാഥൻ സി.ആർ**
റിട്ട.ഡെപ്യൂട്ടി ഡയറക്ടർ, സാമ്പത്തിക
സ്ഥിതിവിവരക്കണക്ക് വകുപ്പ്

## റിപ്പോർട്ട് പ്രകാശനം

1. Happiness Level Survey Report of Govt. Employees in Civil Station, Ernakulam
2. Study on Retail Price Variation in 3A Prices in Ernakulam,
3. Trend Analysis of Industrial Production-Ernakulam District
4. Comprehensive Report on Panel Data Analysis and Forecasting for Consumer Price Indices

ആശംസകൾ : **ഡോ. എസ്. എം. സുനോജ്**
സിൻഡിക്കേറ്റ് അംഗം, CUSAT

: **ഡോ. മെർലി മോൾ ജോസഫ്,**
റിട്ട.അസിസ്റ്റന്റ് പ്രൊഫസർ, മഹാരാജാസ് കോളേജ്, എറണാകുളം

: **ശ്രീമതി. സംഗീത.ആർ**
മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം

### വിവിധ മത്സര വിജയികൾക്കുള്ള സമ്മാന വിതരണം

Happiness Level Survey Report Presentation : **ശ്രീമതി. ഇന്ദു കെ.എ**, റിസർച്ച് ഓഫീസർ

നന്ദി : **മനില.കെ.കെ**, റിസർച്ച് അസിസ്റ്റന്റ്

**ഓൺലൈൻ ക്വിസ് മത്സരം 1.40 PM ന് ഉണ്ടായിരിക്കുന്നതാണ്**
Time Duration : 20 Minutes
Subject : General Knowledge & Basic Statistics
**പങ്കെടുക്കാൻ ഇവിടെ ക്ലിക്ക് ചെയ്യുക**